# അധ്യാപക രക്ഷകർത്യ സമിതി

## ജനറൽബോഡി യോഗം




വാർഷിക റിപ്പോർട്ടും
വരവ്-ചെലവ് കണക്കുകളും

ഗവൺമെന്റ് കോളേജ്,ചിറ്റൂർ
2022-2023

## പി.ടി.എ

ബഹുമാന്യരെ,

ഗവ കോളേജ് ചിറ്റൂർ അധ്യാപക രക്ഷകർത്യ സമിതിയുടെ 2022-23 വർഷത്തെ പ്രവർത്തന റിപ്പോർടും വരവ്-ചെലവ് കണക്കുകളും ജനറൽ ബോഡിയോഗം മുമ്പാകെ സമർപ്പിക്കുന്നു.

**ഭാരവാഹികൾ**

പ്രസിഡൻറ് : ഡോ അനുരാധ വി കെ പ്രിൻസിപ്പൾ ഗവ കോളേജ് ചിറ്റൂർ
വൈസ്പ്രസിഡൻറ് : ഹരിദാസ് എ

സെക്രട്ടറി : ഡോ മനു ചക്രവർത്തി എസ്സ്

**കാര്യനിർവഹണ സമിതി അംഗങ്ങൾ**

**അധ്യാപക പ്രതിനിധികൾ**

1.ഡോ മോഹനൻ പി
2. ഡോ നിഷമോൾ M S
3.ഡോ സോജൻ ജോസ്
4. ശ്രീ.രാമഭദ്രൻ C D
**രക്ഷകർത്യ പ്രതിനിധികൾ**

1.ഗോപി R
2.കണ്ണദാസ് പി ജി
3.സുന്ദരൻ
4.അമുത
5.ദേവദാസ്
**വാർഷിക റിപോർട്ട്**

ചിറ്റൂർ കോളേജിലെ അക്കാദമികവും പാശ്ചാതല സൗകര്യങ്ങളുടെയും നിർവഹണത്തിൽ ഉത്തരവാദിത്വത്തോടെ ഇടപെടുകയും.സ്ഥാപനത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങളെ സുഗമമാക്കി തീർക്കുന്നതിന് പി.ടി.എ മുൻകയ്യെടുത് ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട് എന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

**എക്സിക്യൂട്ടീവ് കമ്മിറ്റികൾ**

2022-23 പ്രവർത്തന വർഷം 12 നിർവഹണ സമിതി യോഗങ്ങൾ ചേരുകയുണ്ടായി.മർമ്മപ്രധാനമായ എല്ലാ വിഷയങ്ങളും ചർച്ചചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നിർദ്ദേശങ്ങൾ നൽകാനും ഉചിതമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും പിടിഎ നിർവഹണ സമിതിക്കു കഴിഞ്ഞിട്ടുണ്ട്.

PTA യുടെ നേതൃത്വത്തിലുള്ളവിവിധ പ്രവർത്തനങ്ങൾ

## പ്ലാറ്റിനം ജൂബിലി ആഘോഷം

കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ വിവിധ കലാസാംസ്കാരിക,പ്രവർത്തനങ്ങളോടുകൂടിആഘോഷിച്ചു.ആഘോഷങ്ങളുടെ ഉദ്ഘാടനത്തിന്റെ ഭാഗമായി നടന്ന കലാസാംസ്കാരിക ഘോഷയാത്രയിൽ PTA യുടെ ഭരണസമിതി അംഗങ്ങൾ സജീവ സാന്നിധ്യമായി. ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ നടന്ന എക്സിബിഷൻ ചക്ര 75 ന് ആവശ്യമായ പിന്തുണ PTA നൽകി. കൂടാതെ ഭവനരഹിതരായ വിദ്യാർഥികൾക്ക് വീട് വെച്ച് നൽകുന്ന സപ്തഗേഹം സ്നേഹഗേഹം പദ്ധതിക്ക് ആവശ്യമായ പിന്തുണ പി.ടി.എ നൽകി. ഒരു വർഷക്കാലം നീണ്ടുനിന്ന വിപുലമായ ആഘോഷ പരിപാടികളിൽ മുഴുവനും പിടിഎ സജീവ സാന്നിധ്യമായി.

## NAAC

NAAC വിസിറ്റിന്റ്റെ ഭാഗമായി കോളേജിൽ പൂർത്തിയാക്കേണ്ട മുഴുവൻ പ്രവർത്തനങ്ങളിലും PTA യുടെ പങ്കാളിത്തം ഉണ്ടായിരുന്നു. NAAC ന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 1.25 ലക്ഷം രൂപ പിടിഎ ധനസഹായമായി നൽകി.

## ഹോസ്റ്റൽ

കോളേജിന്റെ പുരുഷ വനിത ഹോസ്റ്റലിലെ സുഗമമായ പ്രവർത്തനങ്ങൾക്ക് അടിയന്തരമായ ഇടപെടലുകൾ PTA യുടെ നേതൃത്വത്തിൽ നടത്തി. ഹോസ്റ്റൽ അന്തേവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അടിയന്തര ഇടപെടലുകൾ പി.ടി.എയുടെ നേതൃത്വത്തിൽ നടന്നു.

## ലഹരി വിരുദ്ധ സമിതി

കോളേജിലെ ലഹരി വിരുദ്ധ സമിതിയുടെ ഭാഗമായി പ്രവർത്തിക്കാൻ രക്ഷകർത്താ പ്രതിനിധികൾ സന്നദ്ധരായി. ലഹരിക്കെതിരായ പോരാട്ടത്തിൽ അധ്യാപകരോടൊപ്പം വിദ്യാർത്ഥികളും രക്ഷകർത്താക്കളും കൈകോർത്തു.

**ഗ്രീൻ പ്രോട്ടോകോൾ**

കോളേജിലെ ഗ്രീൻ പ്രോട്ടോകോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ വിവിധ പ്രവർത്തനങ്ങളിൽ പിടിഎ ഭാഗമായി. പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിക്കുന്നതിന് ആവശ്യമായ വേസ്റ്റ് ബിന്നുകൾ കോളേജിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു.

**പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിർമാർജനം**

കോളേജിലെ വിവിധ ഭാഗങ്ങളിൽ കൂടി കിടന്നിരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് അവ നിർമാർജനം ചെയ്യുന്നതിന് പിടിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തി.

**കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്**

2022 - 23 വർഷത്തെ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് സുഗമമായി നടത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ പിടിഎയുടെ നേതൃത്വത്തിൽ നൽകി. യൂണിയൻ തിരഞ്ഞെടുപ്പിന് ആവശ്യമായ പെട്ടികൾ, തിരഞ്ഞെടുപ്പ് സാമഗ്രികൾ എന്നിവ വാങ്ങുന്നതിനായി ധനസഹായം നൽകി. യൂണിയന്റെ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ ധനസഹായം നൽകി. വിവിധ കലാകായിക മത്സരങ്ങൾ, മേളകൾ, ദിനാചരണങ്ങൾ എന്നിവ യൂണിയന്റെ നേതൃത്വത്തിൽ നടന്നു. പ്രസ്തുത പ്രവർത്തനങ്ങളുടെ ധനസഹായം പിടിഎ നൽകി.

**NSS /NCC**

കോളേജിൽ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന എൻസിസി എൻഎസ്എസ് എന്നീ യൂണിറ്റുകൾക്ക് പ്രവർത്തനത്തിന് ആവശ്യമായ ധനസഹായം പിടിയുടെ നേതൃത്വത്തിൽ അഡ്വാൻസായി നൽകി. NSS നേതൃത്വം നൽകിയ സപ്തദിന സഹവാസ ക്യാമ്പിന് പൂർണ്ണ പിന്തുണ നൽകി.

**മെറിറ്റ്ഡേ**

2022 - 23 വർഷത്തിൽ വിവിധ വിഷയങ്ങളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കുന്നതിനായി Merit day PTA യുടെ നേതൃത്വത്തിൽ നടത്തി. ഇതിനായി 33000/ രൂപ സ്കോളർഷിപ് ഇനത്തിൽ നൽകി.

**ഫോട്ടോസ്റ്റാറ്റ്**

ഫോട്ടോസ്റ്റാറ്റ് മെഷീനിലൂടെ മിതമായ നിരക്കിൽ വിദ്യാർത്ഥി കൾക്ക് കോപ്പികളും ഓൺ ലൈൻ പ്രിന്റുകളും നൽകാൻ കഴിഞ്ഞു. 18000 രൂപയുടെ വരുമാന നേട്ടം ഇതിലൂടെ ഉണ്ടായി.

**വൈദ്യുതീകരണം**

വിവിധ വിഭാഗങ്ങളിലെ ആവശ്യപ്രകാരം ഫാൻ, ട്യൂബ് ലൈറ്റ്, മറ്റു വയറിംഗ് വർക്കുകൾ എന്നിവ കൃത്യമായി ചെയ്തുകൊടുക്കാൻ പി.ടി. എ ക്കു സാധിച്ചു. ഒന്നരലക്ഷം രൂപയുടെ ഇലട്രിക്കൽ വർക്കുകളാണ് പി. ടി.എ യുടെ നേതൃത്വത്തിൽ നടത്തിയത്.

**വകുപ്പുകളിലേക്കുള്ള സഹായം**

ഏതാണ്ട് എല്ലാവകുപ്പുകളുടെയുംപ്രവർത്തനവശ്യങ്ങൾ നിർവഹിക്കുന്നതിന് പി.ടി.എ,ധനസഹായംചെയ്തിട്ടുണ്ട്. വൈദ്യുതികരണം, റിപ്പയറിങ്, കമ്പ്യൂട്ടർ ഉപകരണങ്ങളുടെ സെർവീസിങ്, സ്റ്റാഫ് /സ്റ്റുഡന്റ് അറ്റന്റൻസ് രജിസ്റ്ററുകൾ കാർപെന്ററി വർക്കുകൾ എന്നിങ്ങനെ നിരവധി കാര്യങ്ങൾ പി.ടി.എ യുടെ നേതൃത്വത്തിൽ ചെയ്യുന്നുണ്ട്.

**ഇലക്ട്രിസിറ്റി ചാർജുകൾ**

ഈ വർഷം ഇലക്ട്രിസിറ്റി തുക ഇനത്തിൽ 620000 രൂപ (റീ ഫണ്ടബിൾ അഡ്വാൻസ്) പി.ടി.എ അനുവദിച്ചു.

**ഓഫീസ് പ്രവർത്തനങ്ങൾ**

കോളേജിന്റെ ഭരണ സിരാ കേന്ദ്രം പ്രവർത്തിക്കുന്നതിന് പൂർണമായ പിന്തുണ പിടിഎ നൽകുന്നുണ്ട് ഫാൻ, ലൈറ്റ്, മറ്റു ഉപകരണങ്ങൾ, കമ്പ്യൂട്ടർ പ്രിൻറർ എന്നിവ പ്രവർത്തനക്ഷമം ആക്കുന്നതിന് എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു. യാത്രബത്ത മറ്റു ഓഫീസ് ചിലവുകൾ എന്നിവക്കുള്ള ധനസഹായവും കൃത്യമായി നൽകുന്നുണ്ട്.

**ക്യാമ്പസ്സ് ശുദ്ധികരണം**

ലേഡീസ് കോമൺറൂം പുതിയ കെട്ടിടത്തിലെ ടോയ്‌ലെറ്റുകൾ കൂടാതെ മറ്റു ടോയ്‌ലെറ്റുകൾ എന്നിവ വൃത്തിയാക്കുന്നതിന് ആവശ്യമായ ഹർപ്പിക്, ഫിനോയിൽ, മറ്റു സാധന സാമഗ്രികൾ എന്നിവ കൃത്യമായി എത്തിച്ചു കൊടുത്തു. കോളേജ് പരിസരങ്ങളിലെ ചെടികളും പുല്ലും വെട്ടിത്തെളിച്ചു സഞ്ചാരയോഗ്യം,ആക്കിയിട്ടുണ്ട്.കോളേജിലെ,ഗാർഡനുകൾ,പരിപാലിക്കുകയും ,ജലവിഭവസൗകര്യം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

**ജനറേറ്റർ പ്രവർത്തനം**

ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള പൂർണ സഹായങ്ങൾ പിടിഎ ചെയ്യുന്നുണ്ട്. വൈദ്യുതി ഇല്ലാത്ത സാഹചര്യങ്ങളിൽ ഓഫീസ് പ്രവർത്തനങ്ങൾക്കും ലാബ്, മറ്റു ഉപകരണങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കും,ജനറേറ്റർ,ഉപയോഗപ്രദമാണ്.ജനറേറ്റർ മെയിന്റനൻസ് ഡീസൽ ചിലവുകൾ എന്നിവ പൂർണ്ണമായും പി ടി എ വഹിക്കുന്നുണ്ട്.

**താൽക്കാലിക കാന്റീൻ കെട്ടിടം**

ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കാന്റീൻ കെട്ടിടം നിർമ്മാണ അനുമതി ലഭിച്ചതിന്റെ സാഹചര്യത്തിൽ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനാൽ താൽക്കാലികമായി കാന്റീൻ പ്രവർത്തിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ PTA യുടെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകി.

**സ്പോർട്സ്**

കോളേജിലെ കായികതാരങ്ങൾക്ക് വിവിധ ധനസഹായങ്ങൾ നൽകിവരുന്നു. കോളേജിനെ പ്രതിനിധീകരിച്ച് ഇന്റർ കോളേജ് മത്സരങ്ങളിൽ പങ്കെടുക്കുന്ന ടീമുകൾക്കുള്ള ജഴ്സി നൽകി. കൂടാതെ സംസ്ഥാനത്തിനെ പ്രതിനിധീകരിച്ച് ദേശീയ മത്സരത്തിൽ പങ്കെടുത്ത വിവിധ കായിക താരങ്ങൾക്കുള്ള ധനസഹായവും പിടിയുടെ നേതൃത്വത്തിൽ നൽകി.

**മറ്റുപ്രവർത്തനങ്ങൾ**

കോളേജിന്റെ സുഗമമായപ്രവർത്തനത്തിന്ആവശ്യമായഎല്ലാ കാര്യങ്ങളിലും സജീവമായ ഇടപെടൽ ഉണ്ടായിരുന്നു. ജല ദൗർലഭ്യം പരിഹരിക്കുന്നതിനായി,കോളേജിലെവിവിധകിണറുകൾവൃത്തിയാക്കുന്നതിന് നേതൃത്വംനൽകി.കോളേജ്പരിസരങ്ങൾ ശുചീകരണം മാലിന്യനിർമാർജനം എന്നിവയിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നു. കോളേജിന്റെ സ്ഥിരം പ്രശ്നമായ വൈദ്യുതി തകരാറുകൾ പരിഹരിക്കുന്നതിനായി PTA അവസരോചിതമായ ഇടപെടലുകൾ നടത്തി.കലാകായിക പ്രവർത്തങ്ങൾ സേവന മേഖല വിവിധ സെല്ലുകളുടെ പ്രവർത്തനങ്ങൾ, ഓഫീസിന്റെ പ്രവർത്തനങ്ങൾഎന്നിവയിൽ ആവശ്യാനുസരണംഇടപെടാനും ധനസഹായം നൽകുവാനും പിടിഎ ക്കു സാധിച്ചു.ഈ കാലയളവിൽ എല്ലാ പ്രവർത്തനങ്ങൾക്കും പരിപൂർണ പിന്തുണ നൽകിയ വൈസ് പ്രസിഡന്റ്, നിർവഹണ സമിതി അംഗങ്ങൾ, അധ്യാപകർ, രക്ഷിതാക്കൾ, കോളേജ് യൂണിയൻ പ്രതിനിധികൾ, NCC/NSS പ്രവർത്തകർ,വിദ്യാർഥികൾ, ജീവനക്കാർ, എല്ലാ മേഖലയിലെയും തൊഴിലാളികൾ, പൊതുമരാമത്തു വകുപ്പ്, ഭൂഗർഭ ജല വകുപ്പ്, ആരോഗ്യവകുപ്പ്, ചിറ്റൂർ ഫയർഫോഴ്സ് ഉദ്യോഗസ്ഥർ, ചിറ്റൂർ പോലീസിസ്റ്റേഷൻ ഉദ്യോഗസ്ഥർ, ചിറ്റൂർ സിവിൽ ഡിഫെൻസ് വളണ്ടിയർ മാർ, എന്നിവരോടുള്ള നന്ദിയും കടപ്പാടും രേഖപെടുത്തുന്നു.2022-23

വർഷത്തെ പി ടി എ പ്രവർത്തന റിപ്പോർട്ട് പൊതുയോഗത്തിന്റെ ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

പി.ടി.എ ഭരണ സമിതിക്കു വേണ്ടി

| | |
|---|---|
| സെക്രട്ടറി | പ്രസിഡൻറ് |
| മനു ചക്രവർത്തി എസ്സ് | ഡോ അനുരാധ വി.കെ |

ചിറ്റൂർ കോളേജ്